എം. സാജിദ്

# 'ഭുൽ ഭുലയ്യ'യിൽപെട്ട സ്വാശ്രയ വിദ്യാഭ്യാസം

**ലഖ്നൗവിലെ** പ്രശസ്തമായ ശീഈ കേന്ദ്രമാണ് ഇമാംബാഡ. 1798-ൽ അസഫുദ്ദീൻ ദൗല സ്ഥാപിച്ച ഈ കേന്ദ്രത്തിൽ 'ഭുൽ ഭുലയ്യ' എന്ന പേരിൽ വലിയൊരു കെട്ടിടമുണ്ട്. വീതികൂടിയ ചുമരുകൾക്കുള്ളിൽ നിർമിച്ച ഇതിലെ പരസ്പര ബന്ധിതമായ ചെറു ഇടനാഴികളിലേക്ക് കടന്നാൽ വഴിതെറ്റുമെന്നുറപ്പ്. വന്ന സ്ഥലവും പോകേണ്ട സ്ഥലവും മനസ്സിലാകാതെ കുഴങ്ങിപ്പോകും. കേരളത്തിലെ സ്വാശ്രയ പ്രഫഷണൽ വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ ഒന്നര വർഷത്തിനിടയിലുണ്ടായ സംഭവങ്ങൾ 'ഭുൽ ഭുലയ്യ'യെ ഓർമിപ്പിക്കുന്നു.

ഇടതുസർക്കാറിന്റെ പ്രവർത്തനാരംഭത്തിൽ തന്നെ ഏറെ പ്രതീക്ഷകളോടെ അവതരിപ്പിച്ച സ്വാശ്രയ വിദ്യാഭ്യാസ ബിൽ ഹൈക്കോടതിയും സുപ്രീംകോടതിയും തടഞ്ഞിരിക്കുകയാണ്. മാനേജ്മെന്റുകൾക്ക് സമ്പൂർണ സ്വാതന്ത്ര്യമാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഗത്യന്തരമില്ലാതെ, തുടങ്ങിയേടത്തേക്കുതന്നെ മടങ്ങാൻ സർക്കാർ നിർബന്ധിതമായിരിക്കുന്നു. പഴയ ആന്റണി സമവാക്യം (50:50) മാനേജ്മെന്റുകളെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിഞ്ഞതാണ് സർക്കാറിന്റെ വൻ നേട്ടമായി ഇപ്പോൾ ഘോഷിച്ചുകൊണ്ടിരിക്കുന്നത്.

ഉന്നത വിദ്യാഭ്യാസരംഗത്ത് യാതൊരു തത്ത്വദീക്ഷയുമില്ലാതെ തനി കച്ചവടത്തിന് വഴിവെക്കുന്നതാണ് സ്വാശ്രയവൽക്കരണം. പണമുള്ളവന് മാത്രം പഠിക്കാൻ കഴിയുന്ന ഈ സംവിധാനം 1993-ലെ യു.ഡി.എഫ് സർക്കാറാണ് കേരളത്തിന് പരിചയപ്പെടുത്തിയത്. പിന്നീട് നായനാരുടെ കാലത്ത് വേഷം മാറ്റിയും വെള്ളം ചേർത്തുമൊക്കെ ഈ സമ്പ്രദായം തുടർന്നു. ആന്റണി സൂപ്പിമാർ വെള്ളക്കടലാസിൽ അപേക്ഷിക്കുന്നവർക്കൊക്കെ എൻ.ഒ.സി കൊടുത്ത് 'സ്വാശ്രയ'ത്തെ അറപ്പില്ലാതെ തൊടാവുന്ന പരുവത്തിലാക്കി. കർണാടകയിലേക്കും തമിഴ്നാട്ടിലേക്കും ഒഴുകിയിരുന്ന കോടികൾ കേരളത്തിൽ തന്നെ (ഒരുപിടി മുതലാളിമാരുടെ കീശകളിൽ) തടകെട്ടിനിർത്തിയെന്നായിരുന്നു ഇതിനു പറഞ്ഞ ന്യായം. 50:50-ന്റെ അടിസ്ഥാന പ്രശ്നങ്ങളെക്കുറിച്ചും സാമൂഹിക സമത്വം, സംവരണം, ന്യൂനപക്ഷാവകാശങ്ങൾ തുടങ്ങിയവയെക്കുറിച്ചും നടന്ന ചർച്ചകളുടെയും സുപ്രീംകോടതി വിധികളുടെയും ഭരണഘടനാ ഭേദഗതിയുടെയും വെളിച്ചത്തിലായിരുന്നു ഇടതുസർക്കാർ സ്വാശ്രയനിയമം കൊണ്ടുവന്നത്. പൂർണമായും കുറ്റമറ്റതായിരുന്നില്ലെങ്കിലും താരതമ്യേന മെച്ചപ്പെട്ട ഈ നിയമം വിദ്യാഭ്യാസ കച്ചവടം ഒരു പരിധിയോളമെങ്കിലും തടയാൻ പര്യാപ്തമായിരുന്നു. നിയമത്തിന്റെ ഭാഗമായി പ്രവേശനവും ഫീസും നിയന്ത്രിക്കുന്നതിന് നിലവിൽവന്ന ജസ്റ്റിസ് പി.എ മുഹമ്മദ് കമ്മിറ്റി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കുകയും ചെയ്തു. അഞ്ചു സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ കോഴക്കച്ചവടം കമ്മിറ്റി കൈയോടെ പിടികൂടി. കോടതി ആവശ്യപ്പെട്ടപ്പോൾ തട്ടിക്കൂട്ടിയ 'പ്രവേശന പരീക്ഷാ റാങ്ക് ലിസ്റ്റ്' തനി തട്ടിപ്പാണെന്നും കമ്മിറ്റി പുറത്തുകൊണ്ടുവന്നു. മാനേജ്മെന്റുകളുടെ കൺസോർഷ്യം നടത്തിയതായി പറയപ്പെട്ട എൻട്രൻസ് പരീക്ഷയിലെ റാങ്ക് ജേതാക്കൾ പോലും വിവരമറിഞ്ഞിരുന്നില്ലത്രെ. മാനേജ്മെന്റ് കൺസോർഷ്യം എന്ന തട്ടിപ്പു സംഘത്തിന്റെ തനിനിറം നാൾക്കുനാൾ വെളിപ്പെട്ടുവന്നെങ്കിലും കോടതി വിധി ഉണ്ടായത് ഇപ്രകാരമാണ്: ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനം വിദ്യാഭ്യാസത്തിന്റെ ദേശസാൽക്കരണമാണ്, ഫീസ് നിയന്ത്രിക്കാൻ സർക്കാറിനും കമ്മിറ്റിക്കും അധികാരമില്ല, സംവരണം 81 ശതമാനം എത്തിയിരിക്കുന്നു, അത് 50 ശതമാനത്തിൽ കൂടാൻ പാടില്ലാത്തതിനാൽ ശിക്ഷയെന്ന നിലക്ക് സംവരണം ഒട്ടും വേണ്ട, ന്യൂനപക്ഷ പദവിയുമായി ബന്ധപ്പെട്ട് നിയമത്തിലെ പ്രസ്താവങ്ങൾ ഭരണഘടനാവിരുദ്ധമാണ് -ആയതിനാൽ ഈ നിയമത്തിലെ ഇപ്പറഞ്ഞ വകുപ്പുകളെല്ലാം, ഫലത്തിൽ നിയമം തന്നെയും - റദ്ദ് ചെയ്തിരിക്കുന്നു.

ഇനാംദാർ കേസിലെ വിധിപ്പകർപ്പിലുള്ളതാണ് ഏകജാലക സംവിധാനം എന്ന പദപ്രയോഗം തന്നെയും. ഇനാംദാർ വിധിയിലെ വാചകങ്ങളും ഭരണഘടനാഭേദഗതിയും ഉദ്ധരിച്ചായിരുന്നു ഏകീകൃത പ്രവേശനം, ഫീസ് നിയന്ത്രണം, സാമൂഹിക നീതി ഉറപ്പുവരുത്തൽ തുടങ്ങിയ വകുപ്പുകൾ വിധിയിൽ ചേർത്തത്. പക്ഷേ, ഇനാംദാർ വിധിപ്പകർപ്പ് അവഗണിക്കപ്പെടുകയായിരുന്നു. 'നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ അനാവശ്യവും അനാരോഗ്യകരവുമായ നിയന്ത്രണങ്ങൾ പ്രതികൂലഫലമേ ഉണ്ടാക്കൂ' എന്നൊരു പരാമർശവും ഹൈക്കോടതി വിധിയിൽ കാണാനായി. സർക്കാർ വിലാസം കോളേജുകളേക്കാളും ഗുണനിലവാരം കൂടിയ മികവിന്റെ കേന്ദ്രങ്ങളാണ് സ്വകാര്യ സ്വാശ്രയ കോളേജുകളെന്നും കോടതി കണ്ടെത്തി. (കോഴിക്കോട് മെഡിക്കൽ കോളേജിലെ പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന ഡോക്ടറുടെ അടുത്തിരിക്കാൻ യോഗ്യത കിട്ടണമെങ്കിൽ പുഷ്പഗിരിക്കാരൻ ഒരായുസ്സ് മുഴുവൻ തലകുത്തിനിൽക്കേണ്ടിവരും).

നിയമം പൊളിഞ്ഞപ്പോൾ പ്രതിപക്ഷ ബെഞ്ചിലും പള്ളിമേടകളിലും ആഹ്ലാദപ്പൂത്തിരി കത്തി. രാഷ്ട്രീയ വിശകലന ലേഖകരെല്ലാം എം.എ ബേബിക്കുമേൽ പാഞ്ഞുകയറി. മുണ്ടശ്ശേരിയാവാനുള്ള വിഫലശ്രമമെന്ന് പരിഹസിച്ചു. അവധാനത കുറവായിരുന്നുവെന്ന് വിലയി

രുത്തി. ന്യൂനപക്ഷ വിഷയത്തിൽ സർക്കാറിന് പിഴച്ചു എന്ന് വ്യാപകമായി ആക്ഷേപമുയർന്നു. (അത് ശരിയായിരുന്നു താനും. പ്രകടമായും ഭരണഘടനാവിരുദ്ധമായ ഈ വകുപ്പാണ് എല്ലാ ദുർവ്യാഖ്യാനങ്ങൾക്കും പഴുതു നൽകിയത്). സർക്കാർ വീണ്ടും വീണ്ടും കോടതി കയറിയിറങ്ങി. ഓരോ തവണയും പരാജയത്തിന്റെ ഗ്രാഫ് മുകളിലേക്കുയർന്നുകൊണ്ടിരുന്നു. ഉള്ള അധികാരം വെച്ച് മാനേജുമെന്റുകൾക്ക് മൂക്കുകയറിടാൻ മുഹമ്മദ് കമ്മിറ്റി ആവും പോലെ ശ്രമിച്ചു. പ്രവേശനം സർക്കാർ എൻട്രൻസിൽനിന്ന് മാത്രമായിരിക്കണമെന്ന് നിയമം വെച്ചു. പക്ഷേ, അതും കോടതി റദ്ദാക്കി. ഫീസിന് പരിധി നിശ്ചയിച്ചു. തൊട്ടടുത്ത ദിവസങ്ങളിൽ കമ്മിറ്റിയെ പരിഹസിച്ചുകൊണ്ട് മാനേജ്മെന്റുകൾ പ്രവേശന മാനദണ്ഡങ്ങൾ പ്രഖ്യാപിച്ചു. മാനേജ്മെന്റ് അസോസിയേഷൻ ഭാരവാഹികൾ ചാനൽ ന്യൂസ് റൂമുകളിൽ താരങ്ങളായി വിലസി. 3.5 ലക്ഷം ഒരു സീറ്റിന് ലേലമുറപ്പിച്ചപ്പോൾ 25 ശതമാനം തികച്ചും ഫ്രീ എന്ന് പ്രഖ്യാപിച്ചു. ഫീസ് നിശ്ചയിക്കുന്ന വിധം മുഹമ്മദ് കമ്മിറ്റിക്ക് വിശദീകരിച്ചു കൊടുത്ത ചിലരുടെ കണക്കിൽ കോമ്പൗണ്ടിൽ പള്ളിയുണ്ടാക്കാനുള്ള പണവും ട്രസ്റ്റികളുടെ ശമ്പളവുമൊക്കെ ചേർത്തിരുന്നു!

സ്വാശ്രയ കോളേജിൽ ഫീസ് നിശ്ചയിക്കുമ്പോൾ നടത്തിപ്പു ചെലവുകൾ മാത്രമേ കണക്കാക്കാവൂ എന്നത് ധാരാളം കോടതിവിധികളിൽ ഉറപ്പിച്ചുപറഞ്ഞ വസ്തുതയാണ്. എന്നിട്ടും ബാങ്ക് ലോണെടുത്തതും പള്ളിപ്പണിയുമെല്ലാം കണക്കിൽ ചേർത്ത് നിയമപ്രാബല്യമുള്ള ഒരു കമ്മിറ്റിക്ക് മുമ്പാകെ അവതരിപ്പിക്കാൻ മാനേജ്മെന്റുകൾക്ക് ധൈര്യം നൽകിയത് കോടതിയിലുള്ള അചഞ്ചലമായ വിശ്വാസം ഒന്നുകൊണ്ടാവാനേ തരമുള്ളൂ! കോളേജ് പണിയാനുള്ള ചെലവും ഫീസിൽനിന്ന് ഈടാക്കുന്നവർ കോളേജിന്റെ ഷെയർ വിദ്യാർഥികൾക്കും നൽകണമെന്ന് പണ്ടാരോ പറഞ്ഞത് പ്രസക്തമാണെന്ന് തോന്നുന്നു. നടത്തിപ്പു ചെലവും 10 ശതമാനം അധികത്തുകയും കണക്കാക്കിയ ഫീസാണ് മുഹമ്മദ് കമ്മിറ്റിയുടെ 1.5 ലക്ഷം. ഇതുകൊണ്ട് തൃപ്തിപ്പെടണം എന്ന് പറയുമ്പോൾ 'പുണ്യം കിട്ടാനാണോ കോളേജ് നടത്തുന്നത്' എന്നാണ് പള്ളിമേടകളിൽനിന്നുയരുന്ന ചോദ്യം. ഇതൊന്നും പക്ഷേ കോടതിക്ക് മാത്രം എന്തേ തിരിയാത്തൂ എന്നാണ് സാധാരണക്കാരന്റെ സംശയം.

ഇക്കാലയളവിൽ പലരും ദൽഹിയിൽ പോയി ന്യൂനപക്ഷപദവി അടിച്ചെടുത്തു. പണ്ട് ആർക്കും വേണ്ടാത്തതായിരുന്നു ഈ പദവി. എന്നാൽ കോടതി ഭരണഘടനാ 'വിശദീകരണം' തുടങ്ങിയപ്പോൾ കച്ചവടം പൊളിയാതിരിക്കാൻ ആ മുൾക്കിരീടം വഹിക്കാൻ ഏവരും തയാറായിരിക്കുകയാണ്. സമത്വസുന്ദര സോഷ്യലിസ്റ്റ് രാജ്യത്തിൽ എണ്ണത്തിൽ കുറവായതുകൊണ്ട് മാത്രം ആരും ആരെയും ഭീഷണിപ്പെടുത്തരുത്; സർക്കാർ നിയന്ത്രണങ്ങളുടെ ഉമ്മാക്കി ഇനി നമ്മളോട് വേണ്ട. ന്യൂനപക്ഷ പദവി നീണാൾ വാഴട്ടെ. എന്നാൽ ഈ ന്യൂനപക്ഷ കോളേജുകളിൽ പഠിക്കുന്നവരും പഠിപ്പിക്കുന്നവരും സഹായികളുമായി ജീവിക്കുന്ന ന്യൂനപക്ഷസമുദായാംഗങ്ങളെ കണ്ടുകിട്ടണമെങ്കിൽ മഷിയിട്ടു നോക്കേണ്ടിവരും.

ഇനിയെന്ത് എന്നത് പ്രശ്നമായി അവശേഷിക്കുകയാണ്. വിദ്യാഭ്യാസ കച്ചവടത്തെ നിയന്ത്രിക്കാൻ പുതിയ നിയമം കൊണ്ടുവന്നാൽ ഇതുവരെ നടന്ന കളികൾ ആവർത്തിക്കുകയല്ലാതെ മറ്റൊന്നും സംഭവിക്കാനില്ല. ഇപ്പോഴുള്ള അവസ്ഥയിൽ വല്ലാതെയൊന്നും പിന്നോട്ടു പോവാൻ മാനേജ് മെന്റുകൾ തയാറാവുമെന്നും കരുതാനാവില്ല. ഇങ്ങനെയൊക്കെയാണെങ്കിലും പത്താംക്ലാസ് കഴിഞ്ഞ മകൾ/മകൻ ഡോക്ടറോ എഞ്ചിനീയറോ അല്ലാതെ മറ്റെന്താവും എന്ന് സമൂഹത്തിനും ഉത്തരം കിട്ടിയിട്ടില്ല. മാനേജ്മെന്റ് പാക്കേജിലെ 25 ശതമാനം പാവങ്ങൾക്കുള്ള പരിഗണനയിലെ പരിഹാസ്യത നിലനിൽക്കുമ്പോഴും കേരളീയ സമൂഹത്തിന്റെ രാഷ്ട്രീയ അവബോധം തീർത്ത സമ്മർദം തന്നെയാണ് കൺസോർഷ്യക്കാരെ അതിന് നിർബന്ധിച്ചത് എന്ന വസ്തുത വിസ്മരിക്കാവതല്ല. എക്സ്പ്രസ് വേയും കോളയും മുട്ടുമടക്കിയ ജനകീയ മുന്നേറ്റവും മൂന്നാറിലെ ആക്ഷൻ ത്രില്ലറും കൂടിച്ചേരുന്നിടത്തു മാത്രമാണ് 'സ്വാശ്രയ ഭുൽ ഭുലയ്യ'യിൽനിന്ന് പുറത്തേക്ക് വഴിതെളിയുന്നുള്ളൂ. ■